15.	എം.എസ്.സി.(ഇന്റഗ്രേറ്റഡ്) സി.സി.എ.	20
16.	എം.എസ്.സി.(ഇന്റഗ്രേറ്റഡ്) ബയോടെക്നോളജി	20
17.	ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ സയൻസസ്	50
18.	ഡിപ്ലോമ ഇൻ ഓർഗാനിക്ക് അഗ്രികൾച്ചർ	20
19.	പി.ജി. ഡിപ്ലോമ ഇൻ സോളിഡ് വെയിസ്റ്റ് മാനേജ്മെന്റ്	10
20.	പി.ജി. ഡിപ്ലോമ ഇൻ അനലിറ്റിക്കൽ ടെക്നിക്സ്	30

(ഡി) ഇതുസംബന്ധിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തിന് പുറത്ത് വിദ്യാർത്ഥികൾ ഇത്തരം കോഴ്സുകൾക്കായി അഡ്മിഷൻ തേടി പോകുന്ന സാഹചര്യം നിലവിലുണ്ട്.

തെരുവ് നായ്ക്കളുടെ നിർമ്മാർജ്ജനം

226 (3513) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളെ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(ബി) അനിമൽ ബർത്ത് കൺട്രോൾ പ്രോജക്ടിന്റെ പ്രവർത്തനം സംസ്ഥാനത്ത് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിന് ആനിമൽ ബർത്ത് കൺട്രോൾ പദ്ധതി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കിവരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ മൃഗാശുപത്രികളിലെ സൗകര്യം ഇതിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കേരള സസ്റ്റയിനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ട്, ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ഒരു പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ സെപ്റ്റംബർ 2014 മുതൽ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനിമൽ ബർത്ത് കൺട്രോൾ പ്രോജക്ട് നടപ്പിലാക്കുന്നത് തദ്ദേശസ്വയം ഭരണ വകുപ്പിന്റെ ചുമതലയിലാണ്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു.

കാസർഗോഡ് ബേള നാടൻ കന്നുകാലി ഫാം

227 (3514) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ബേള നാടൻ കന്നുകാലി ഫാം എപ്പോഴാണ് ഉത്ഘാടനം കഴിഞ്ഞതെന്ന് പറയാമോ ;

(ബി) ഫാമിന്റെ ലക്ഷ്യം, പ്രവർത്തന മൂലധനം, പശുക്കളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാമോ ;

(സി) ഫാമിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ലെങ്കിൽ ആയത് എന്തുകൊണ്ടാണ് വിശദമാക്കാമോ ?

ഉത്തരം

(എ) പ്രാരംഭ ഉത്ഘാടനം 28-9-2013-ന് നടന്നു.

(ബി) കാസർഗോഡ് താലൂക്കിലെ നാടൻ ഇനത്തിൽപ്പെട്ട രോഗപ്രതിരോധ ശേഷി ഏറ്റവും കൂടുതലുള്ള ഇനമായ കാസർഗോഡ് ഡ്വാർഫ് ജനസ്സിൽപ്പെട്ട കന്നുകാലികൾ നാശോന്മുഖമായി കൊണ്ടിരിക്കുന്നത് തടയുക, അവയുടെ എണ്ണം വർദ്ധിപ്പിക്കുക എന്നിവയാണ് പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ. കൂടാതെ തദ്ദേശീയർക്ക് ഇതുമൂലം കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാകുന്നു. ഒന്നാംഘട്ടം 97.09 ലക്ഷം രൂപയും രണ്ടാം ഘട്ടം 40 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

36 പശുക്കൾ വീതമുള്ള 3 ഷെഡിൽ കൂടി ആകെ 108 പശുക്കളെ വളർത്തുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) പ്രവർത്തനം ഇതുവരെയും ആരംഭിച്ചിട്ടില്ല. ജലലഭ്യത ഉറപ്പാക്കാനും ആവശ്യമായ ജീവനക്കാരെ നിയമിക്കുവാനും നടപടി സ്വീകരിച്ചുവരുന്നു. തീറ്റപ്പുൽ കൃഷിചെയ്യുന്നതിലേയ്ക്കായി നിലവിലുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. പ്രവർത്തനങ്ങളെല്ലാം ത്വരിതഗതിയിൽ നടക്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയശേഷമേ പ്രവർത്തനം ആരംഭിക്കുവാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly